# 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

## 2009-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

## ബിൽ

പീഠിക.—2009-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ആക്റ്റ് (2009-ലെ 26) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2020 മേയ് 19-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 4-ാം വകുപ്പിനുള്ള ഭേദഗതി.—2009-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (2009-ലെ 26) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 4-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ, "പ്രതിമാസം ഇരുപതു രൂപാ വീതം" എന്ന വാക്കുകൾക്ക് പകരം "പ്രതിമാസം അൻപത് രൂപാ വീതം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. സാധൂകരണം.—2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസിന് (2022-ലെ 4) (ഇതിനുശേഷം പ്രസ്തുത ഓർഡിനൻസ് എന്നാണ് പരാമർശിക്കപ്പെടുക) 2022 ആഗസ്റ്റ് 8-ാം തീയതി പ്രാബല്യമില്ലാതായിത്തീർന്നിരുന്നാൽ തന്നെയും,—

(എ) പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ, എടുത്തതോ

എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതും;

(ബി) പ്രസ്തുത ഓർഡിനൻസ് പ്രാബല്യം ഇല്ലാതായിത്തീർന്നതിന് ശേഷവും ഈ ആക്റ്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനുമുമ്പും ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ, പ്രസ്തുത ഓർഡിനൻസിന്റെ പ്രാബല്യം ഇല്ലാതായിത്തീർന്നിരുന്നില്ലായെങ്കിൽ പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്യുകയോ എടുക്കുകയോ ചെയ്യുമായിരുന്നു എന്നപോലെ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതുമാണ്.